(സി) അവയിൽ പണി ആരംഭിച്ച വീടുകളുടെ എണ്ണം എത്ര;

(ഡി) പൂർത്തിയായിട്ടുള്ളവ എത്ര;

(ഇ) ഇനിയും പൂർത്തീകരിക്കേണ്ട വീടുകളുടെ എണ്ണം എത്ര; അവ ഉടൻതന്നെ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(എഫ്) ചെറുകിട ഭവനനിർമ്മാണത്തിന് ഇഷ്ടികയും മറ്റ് പ്രധാന ഉപയോഗവസ്തുക്കളും നിർമ്മിക്കുന്നതിന് താലൂക്കുകൾതോറും കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

റവന്യൂ വകുപ്പുമന്ത്രി ശ്രീ. പി. ജെ. ജോസഫ്:

(എ) 1985-86ൽ ഉദ്ദേശം 45,000 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുവാൻ കഴിഞ്ഞു.

(ബി) 1986-87 വർഷത്തിൽ ഉദ്ദേശം 1,90,000 വീടുകളുടെ പണി പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) ഇതിൽ ഉദ്ദേശം 1,60,000 വീടുകളുടെ പണി ആരംഭിച്ചുകഴിഞ്ഞു.

(ഡി) പൂർത്തിയായ വീടുകളുടെ എണ്ണം കൃത്യമായി കണക്കാക്കിയിട്ടില്ല. ബാക്കിയുള്ളവ ഈ വർഷാവസാനത്തിനുമുൻപ് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(എഫ്) ജില്ലകൾതോറും ഇത്തരം കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി ആരംഭിച്ചുകഴിഞ്ഞു.

പൂട്ടിക്കിടക്കുന്ന വ്യവസായ ശാലകൾ

* 74 [75] ശ്രീ പി. കുമാരൻ:

,, എം. വി. രാഘവൻ:

,, വി. കെ. രാജൻ:

,, കെ. ആർ. ചന്ദ്രമോഹനൻ:

,, ഒ. ഭരതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ പൊതുമേഖലയിൽ പൂട്ടിക്കിടക്കുന്ന വ്യവസായശാലകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സഹകാര്യമേഖലയിൽ പൂട്ടിക്കിടക്കുന്ന വ്യവസായശാലകൾ എത്ര;

(സി) വ്യവസായശാലകൾ പൂട്ടിക്കിടക്കുന്നതുമൂലം എത്രപേർക്ക് തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്;

(ഡി) ഈ സ്ഥാപനങ്ങൾ പൂട്ടിയിടാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ വ്യവസായശാലകൾ തുറന്ന് പ്രവർത്തിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ജി) ഇല്ലെങ്കിൽ ഈ വ്യവസായശാലകൾ തുറന്ന് പ്രവർത്തിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ;

(എച്ച്) മാനേജ്മെന്റിന്റെ കാരണങ്ങളാൽ പൂട്ടിയിടപ്പെട്ട ഫാക്ടറികളെത്ര;

(ഐ) തൊഴിലാളികളുടെ പ്രശ്നങ്ങളാൽ പൂട്ടിയിടപ്പെട്ട സ്ഥാപനങ്ങളെത്ര;

(ജെ) 1982 ജൂൺ ഒന്നിനും 1986 മേയ് 31-നുമിടയ്ക്ക് സംസ്ഥാനത്ത് പ്രവർത്തനരഹിതമായ ചെറുകിട വ്യവസായ യൂണിറ്റുകൾ എത്ര?

വ്യവസായ വകുപ്പുമന്ത്രി ശ്രീ. ഇ. അഹമ്മദ് :

(എ) ഫോം മാറ്റിംഗ്സ് (ഇൻഡ്യാ) ലിമിറ്റഡ്, ആലപ്പുഴ മാത്രമാണ് ഇപ്പോൾ പൊതുമേഖലയിൽ പൂട്ടിക്കിടക്കുന്ന വ്യവസായശാല.

(ബി) 12 (പന്ത്രണ്ട്.)

(സി) 8575

(ഡി) അസംസ്കൃതപദാർത്ഥങ്ങളുടെ ദൗർലഭ്യം, മാനേജ്മെന്റിന്റെ പോരായ്മകൾ, തൊഴിൽ പ്രശ്നങ്ങൾ, പ്രവർത്തനഫണ്ട് ഇല്ലായ്മ എന്നീ കാരണങ്ങളാലാണ് സ്ഥാപനങ്ങൾ പൂട്ടിയിടേണ്ടിവന്നത്.

(ഇ) ഉണ്ട്.

(എഫ്) ഈ വ്യവസായശാലകൾ തുറന്ന് പ്രവർത്തിപ്പിക്കുവാനാവശ്യമായ നടപടികൾ എടുത്തുവരുന്നു. ആവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിന് ഐ. ഡി. ബി. ഐ., ഐ. ആർ. സി. ഐ. എന്നീ സ്ഥാപനങ്ങളെ മാനേജ്മെന്റ് സമീപിക്കുന്നുണ്ട്. തൊഴിൽപ്രശ്നങ്ങളും, മാനേജ്മെന്റിന്റെ അപാകതയും തീർക്കുവാൻ ആവശ്യമായ അനുരഞ്ജന സമ്മേളനങ്ങൾ തൊഴിൽവകുപ്പും വിളിച്ചുകൂട്ടുന്നുണ്ട്.

(ജി) ഉദിക്കുന്നില്ല.

(എച്ച്) സഹകാര്യ മേഖലയിൽ 7 (ഏഴ്)

(ഐ) സഹകാര്യ മേഖലയിൽ 5 (അഞ്ച്)

(ജെ) 1982 ജൂൺ ഒന്നിനും 1986 മേയ് 31നുമിടയ്ക്ക് പ്രവർത്തനരഹിതമായ യൂണിറ്റുകളുടെ കൃത്യമായ കണക്ക് ലഭ്യമല്ല. 31-3-1986 വരെ 6001 യൂണിറ്റുകളായിരുന്നു, പൂട്ടിക്കിടന്നിരുന്നത്.

തൊണ്ട് സംഭരണം

*75 [76] ശ്രീ. കെ. ടി. കുമാരൻ:

,, കെ. പി. പ്രഭാകരൻ:

,, കെ. ഇ. ഇസ്മയിൽ:

,, എം. കെ. കേശവൻ:

ഡോ. എ. സുബ്ബറാവു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985-86ൽ കയർ സഹകരണ സംഘങ്ങൾക്കുവേണ്ടി സംഭരിക്കപ്പെട്ട തൊണ്ട് എത്ര;

LIBRARY ARCHIVES Kerala Legislative Assembly